# നവോത്ഥാനമൂല്യങ്ങൾ എല്ലാ മേഖലയിലും വ്യാപിപ്പിക്കണം -മന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ്

നവോത്ഥാന മൂല്യങ്ങൾ എല്ലാ രംഗത്തും വ്യാപിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ് പറഞ്ഞു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വി.ജെ.ടി ഹാളിൽ സംഘടിപ്പിച്ച വിജ്ഞാനോൽസവം 2018 പുസ്തകമേളയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

നവോത്ഥാനം എന്നത് മനസിന്റെ നവീകരണമാണ്. അറിവിലൂടെയാണ് മനസ് നവീകരിക്കുന്നത് എന്നാണ് മാനവചരിത്രം പഠിപ്പിക്കുന്നത്. എല്ലാക്കാലത്തും ഇതിനെതിരായ ശക്തികൾ രംഗത്തു വരാറുണ്ട്. നവോത്ഥാനത്തിലൂടെ രൂപംകൊണ്ട മതനിരപേക്ഷ മൂല്യങ്ങളെ തകർക്കാന് രംഗത്തു വന്നിരിക്കുന്നതും ഇത്തരക്കാരാണ്. എല്ലാ ചിന്തകളും ജനകീയമാകുമ്പോഴാണ് അത് ജനങ്ങളിലേക്ക് കൂടുതൽ അടുക്കുന്നത്. ഭാഷ ജനകീയമായതോടെയാണ് കാവ്യപരമായ ജീവിതവീക്ഷണങ്ങള് രൂപപ്പെട്ടത്. അതുപോലെ ശാസ്ത്രവും ജനകീയവത്കരിക്കുമ്പോഴാണ് അത് വളരുന്നത്. എഴുത്തച്ഛൻ കിളിപ്പാട്ടു പ്രസ്ഥാനത്തിലൂടെ ഭാഷയെ ജനകീയവത്കരിക്കുകയായിരുന്നു. അതിനെ തുടർന്ന് കുഞ്ചൻനമ്പ്യാരും ജനകീയമായ ഭാഷയെ സൃഷ്ടിച്ചു. ഇത്തരത്തിൽ ഒരോ കാലത്തും രൂപപ്പെടുന്ന പുതിയ ചിന്തകളിലൂടെയാണ് സമൂഹം മാറുന്നതെന്നും മന്ത്രി പറഞ്ഞു. കേരള ഭാഷാ ഇൻസ്റ്റിറ്റിയൂട്ട് ഡയറക്ടര് പ്രൊഫ.വി.കാർത്തികേയൻനായര് അധ്യക്ഷത വഹിച്ചു.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടര് പള്ളിയറ ശ്രീധരന് രചിച്ച മത്സരപരീക്ഷയിലെ ഗണിതം, സ്പോർട്സ് കൌണ്സില് മുൻസെക്രട്ടറി ഡോ.മുഹമ്മദ് അഷ്റഫ് രചിച്ച കളിയെഴുതിന്റെ സൗന്ദര്യം എന്നീ പുസ്തകങ്ങൾ കെ.ടി.ഡി.സി ചെയർമാന് എം.വിജയകുമാർ, തൃശൂര് കേരളവർമ കോളേജ് പ്രിൻസിപ്പല് ഡോ.കെ.കൃഷ്ണകുമാരി രചിച്ച വള്ളിക്കുടിലും പുഷ്പഭാരങ്ങളും എന്ന പുസ്തകം ഭാരത് ഭവൻ മെമ്പർ സെക്രട്ടറി പ്രമോദ് പയ്യന്നൂർ എന്നിവർക്ക് നല്കി മന്ത്രി പ്രകാശനം ചെയ്തു. കേരളഭാഷാ ഇന്സ്റ്റിറ്റ്യൂട്ടിന്റെ ത്രൈമാസ ബുള്ളറ്റിൻ ആദ്യ കോപ്പി എം.വിജയകുമാർ പള്ളിയറ ശ്രീധരന് നൽകി പ്രകാശനം ചെയ്തു.

വിജ്ഞാന വസന്തം 2018ന്റെ ഭാഗമായി ഏർപ്പെടുത്തിയ സമ്മാനക്കൂപ്പന് നറുക്കെടുപ്പ് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടര് പള്ളിയറ ശ്രീധരന് നിർവഹിച്ചു. എം.വിജയകുമാർ, പള്ളിയറ ശ്രീധരൻ, പ്രമോദ് പയ്യന്നൂര്, ഡോ.കെ.കൃഷ്ണകുമാരി, ശ്രീകല ചിങ്ങോലി, മാർക്കറ്റിംഗ് മാനേജര് നിതിന് ചന്ദ്രൻ.സി.എസ് എന്നിവർ സംസാരിച്ചു.

